# തുടർ പരിശീലനം

# 2009–10

## ഒന്നാം ഘട്ടം – ഒറ്റനോട്ടത്തിൽ

ഒന്ന് മുതൽ എട്ട് വരെയുള്ള പാഠപുസ്തകങ്ങൾ കെ.സി.എഫ് നനുസൃതമായി പരിഷ്ക്കരിച്ചു. 2009 മെയ് മാസത്തിൽ അധ്യാപകർക്ക് ഇതിനുസൃതമായുള്ള അവധിക്കാല പരിശീലനം നൽകി.

# തുടർപരിശീലനപരിപാടി
# പ്രധാന ലക്ഷ്യങ്ങൾ

അവധിക്കാല പരിശീലനത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ ക്ലാസ്സ്മുറികളിൽ എത്രമാത്രം പ്രതിഫലിക്കുന്നുണ്ട് എന്ന് മനസ്സിലാക്കുക.
യൂണിറ്റ് വിശകലനവും പാഠാസൂത്രണവും സൂക്ഷ്മതലത്തിൽ നിർവ്വഹിക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുക.
ഒ.എസ്.സ് ലൂടെ തിരിച്ചറിഞ്ഞതും വ്യക്തത വരേണ്ടതുമായ കാര്യങ്ങൾക്ക് ഊന്നൽ നൽകുക.

# എൽ.പി. തലം

# ഒന്നാം ക്ലാസ്സ്

## ഊന്നൽ മേഖലകൾ

ഗണിതത്തിലെ പ്രശ്നാപഗ്രഥനഘട്ടങ്ങൾ തിരിച്ചറിയുക, നിർദ്ധാരണപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

പ്രക്രിയാശേഷികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പരിസരപഠനത്തിലെ ആശയങ്ങൾ രൂപീകരിക്കുന്നതിനുള്ള മോഡ്യൂളുകൾ വികസിപ്പിക്കാനുള്ള ധാരണകൾ നേടുക.

ഒന്നാം തരത്തിലെ യൂണിറ്റുകളുടെ മോഡ്യൂളുകൾ തയ്യാറാക്കി പാഠാസൂത്രണം നടത്തുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുക.

അക്ഷരങ്ങൾ, പദങ്ങൾ എന്നിവയ്ക്ക് തെളിച്ചം കിട്ടത്തക്കരീതിയിൽ പുനരവതരണ സാധ്യതകൾ എങ്ങനെ ഒരുക്കാം എന്ന് തിരിച്ചറിയുക.

# രണ്ടാം ക്ലാസ്സ്

# ഊന്നൽ മേഖലകൾ

ഗണിതത്തിലെ പ്രശ്നാപഗ്രഥനം എങ്ങനെ നടത്താം എന്നതിന്റെ വ്യക്തമായ തിരിച്ചറിവ് – പ്രശ്നനിർണ്ണയം, പ്രശ്നവിശകലനം, പ്രശ്നാവലോകനം എന്നീ ഘടകങ്ങളുടെ പ്രാധാന്യം, ടി.എൽ.എം ന്റെ ഫലപ്രദമായ ഉപയോഗം എന്നിവ തിരിച്ചറിയുക

പരിസരപഠനത്തിൽ പരീക്ഷണങ്ങളുടെ ആവശ്യകത ബോധ്യപ്പെടുക.

ഇംഗ്ലിഷിലെ രണ്ടാം യൂണിറ്റിന്റെ വിശകലനവും ടി.എം തയ്യാറാക്കലും നരേഷന്റെ അവതരണവും

# മൂന്നാം ക്ലാസ്സ്

# ഊന്നൽ മേഖലകൾ

ഗണിതപഠനത്തിലൂടെ നേടേണ്ട പ്രക്രിയാശേഷികളെ സംബന്ധിച്ച ധാരണ മെച്ചപ്പെടുത്തുന്നതിന്:

ഭാഷയിലെ വ്യവഹാരരൂപങ്ങൾ തയ്യാറാക്കുന്നതിനുള്ള ഘട്ടങ്ങളെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കുകയും, ടീച്ചർ വേർഷന്റെ പ്രാധാന്യം ബോധ്യപ്പെടുകയും ചെയ്യുക.

അറിവ് നിർമ്മാണത്തിലെ ഘട്ടങ്ങൾ പാലിച്ചുകൊണ്ട് പരിസരപഠനത്തിലെ പാഠഭാഗങ്ങൾ മോഡ്യൂൾ രൂപത്തിൽ ആസൂത്രണം ചെയ്യുന്നതിനും ഇതിനനുസൃതമായി സൂക്ഷ്മതലാസൂത്രണത്തിലൂടെ ടി.എം വികസിപ്പിക്കുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുക

# നാലാം ക്ലാസ്സ്

# ഊന്നൽ മേഖലകൾ

മലയാളത്തിലെ വായനാപ്രവർത്തനങ്ങളിലൂടെ കടന്നുപോയി ആശയഗ്രഹണശേഷിയും ആസ്വാദനശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ തിരിച്ചറിയുക.

ഗണിതത്തിലെ പ്രക്രിയാശേഷികളെക്കുറിച്ചും പ്രക്രിയാഘട്ടങ്ങളെക്കുറിച്ചുമുള്ള ധാരണ രൂപീകരിക്കുക.

ഇംഗ്ലീഷ് ഭാഷാപഠനത്തിലെ ക്ലാസ്സ് റൂം പ്രക്രിയകളെക്കുറിച്ചും, പുതിയ ടെക്സ്റ്റ്ബുക്കും, ഹാൻഡ്ബുക്കും ഉപയോഗപ്പെടുത്തിയുള്ള മോഡ്യൂളിന്റെ വികാസത്തെക്കുറിച്ചുമുള്ള ധാരണ രൂപീകരിക്കുക.

പരിസരപഠനം ഫലപ്രദമാക്കുന്നതിന് വിവിധ പഠനതന്ത്രങ്ങൾ, ലഘുപരീക്ഷണങ്ങൾ, സർവ്വേ എന്നിവ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള നൈപുണി വികസിപ്പിക്കുന്നതിന്.

# യു.പി. തലം

# മലയാളം

## ഊന്നൽ മേഖലകൾ

ആഴത്തിലുള്ള  വായനയിലേക്ക് കുട്ടികളെ നയിക്കാനുള്ള പ്രക്രിയകളെക്കുറിച്ചുള്ള ധാരണ രൂപീകരിക്കൽ

ആഴത്തിലുള്ള വായനയിൽ നിന്നും ആസ്വാദനക്കുറിപ്പിലേക്ക് കുട്ടികളെ എത്തിക്കാനുള്ള ഘട്ടങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുക.

അഞ്ച്. ആറ്, ഏഴ് ക്ലാസ്സുകളിലെ മലയാളം യൂണിറ്റ് വിശകലനവും, സൂക്ഷ്മതല ആസൂത്രണവും

# ഇംഗ്ലീഷ്

## ഊന്നൽ മേഖലകൾ

ക്ലാസ്സ് റൂം പ്രക്രിയയുടെ ഭാഗമായി 5,6,7 ക്ലാസ്സുകളിൽ നാടകീകരണം, കോറീയോഗ്രാഫി എന്നിവ ആസൂത്രണം ചെയ്യാൻ അധ്യാപകരെ പ്രാപ്തരാക്കുന്നതിന്

അധ്യാപകരുടെ ആശയവിനിമയശേഷി വർദ്ധിപ്പിക്കാൻ നാടകീകരണവും കോറിയോഗ്രാഫിയും ഉപയോഗപ്പെടുത്തുന്നതിന്

ഹാൻഡ്ബുക്കിലെ സൂചകങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് രണ്ടിന്റേയും രചനാസന്ദർഭങ്ങളിൽ ഭാഷ സ്വതന്ത്രമായി ഉപയോഗിക്കാനുള്ള ധാരണയുണ്ടാക്കുന്നതിന്

# സയൻസ്

## ഊന്നൽ മേഖലകൾ

ശാസ്ത്രക്ലാസ്സിൽ അധ്യാപകരുടെ ഇടപെടൽ എങ്ങനെയായിരിക്കണം എന്ന ധാരണ നേടുന്നതിന്

ഒക്ടോബർ മാസം വരെയുള്ള പാഠഭാഗങ്ങളുടെ സമഗ്രാസൂത്രണവും ടി. എം തയ്യാറാക്കാനുമുള്ള ധാരണ നേടുന്നതിന്

പരീക്ഷണങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നിർവ്വഹിക്കുന്നതിനുമുള്ള അധ്യാപകരുടെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിന്.

സമ്പൂർണ്ണ ശുചിത്വ പരിപാടി പാഠ്യപദ്ധതിയുമായി ബന്ധിപ്പിക്കുന്നതിനുള്ള നൈപുണികൾ നേടുന്നതിന്

ഗലീലിയോ ലിറ്റിൽ സയന്റിസ്റ്റ് പദ്ധതിയുമായി പഠനപ്രവർത്തനങ്ങളെ ബന്ധിപ്പിക്കുന്നതിനും ലാബോറട്ടറികൾ ശാക്തീകരിക്കുന്നതിനും.

# സാമൂഹ്യശാസ്ത്രം

## ഊന്നൽ മേഖലകൾ

അറിവ് നിർമ്മാണപ്രക്രിയ ക്ലാസ്സ് മുറിയിൽ അവലംബിക്കുന്നതിന് സാമൂഹ്യശാസ്ത്രാധ്യാപകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ തിരിച്ചറിയുക.

ഫലപ്രദമായ പ്രശ്നാവതരണ തന്ത്രങ്ങൾ തിരിച്ചറിയുക

വിവേചനരഹിതമായ വിദ്യാലയം എന്ന ആശയം സാക്ഷാത്ക്കരുക്കുക

നിർമ്മിത അറിവുകളെ പുനരുപയോഗസാധ്യത ഉറപ്പാക്കും വിധം രേഖപ്പെടുത്തുന്നതിന് കുട്ടികളെ സഹായിക്കുന്നതിനുള്ള നൈപുണികൾ നേടുന്നതിന്

ഫലപ്രദമായ പ്രശ്നാവതരണം, അനുയോജ്യമായ പഠനസാമഗ്രികൾ എന്നിവപരിഗണിച്ച് കൊണ്ട് സൂക്ഷ്മതലാസൂത്രണം നടത്തുക.

# കണക്ക്

## ഊന്നൽ മേഖലകൾ

കുട്ടികളിൽ ഫലപ്രദമായ ആശയരൂപീകരണത്തിന് അറിവ് നിർമ്മാണത്തിന്റെ സൂക്ഷ്മതല ആസൂത്രണം ആവശ്യമാണെന്ന ധാരണ രൂപീകരിക്കുന്നതിന്

പ്രക്രിയധാരണ വികസിപ്പിക്കുന്നതിൽ ക്ലാസ്സ്റൂം പ്രക്രിയകൾക്കുള്ള പങ്ക് ബോധ്യപ്പെടുന്നതിന്

**5,6,7, ക്ലാസ്സുകളിലെ ആഗസ്ത്, സപ്തംബർ മാസങ്ങളിലെ യൂണിറ്റുകളുടെ സൂക്ഷ്മതലാസൂത്രണവും ടി.എം തയ്യാറാക്കലും.**

# ഹിന്ദി

## ഊന്നൽ മേഖലകൾ

# അധ്യാപകരുടെ ഭാഷാശേഷി വർദ്ധിപ്പിക്കുക

സൂക്ഷ്മതല
പ്രക്രിയാശേഷികളെക്കുറിച്ച് ധാരണ
രൂപീകരിക്കുകയും,
അതിനനുസൃതമായി ടി.എം
തയ്യാറാക്കുകയും അതുപയോഗിച്ച് ട്രൈ
ഔട്ട് ക്ലാസ്സ് നടത്താനുമുള്ള കഴിവ്
ആർജ്ജിക്കുക

ഗ്രാഫിക്കൽ റീഡിങ്ങ്, ഗ്രാഫിക്കൽ എഴുത്ത്
എന്നിവയിൽ ധാരണ ഉണ്ടാക്കുക

വ്യവഹാരരൂപത്തിന്റെ ക്രമാനുഗതമായ
വികാസത്തെക്കുറിച്ചുള്ള ധാരണ
രൂപീകരിക്കുക

യൂണിറ്റ് വിശകലനം നടത്തുകയും
അതുപയോഗപ്പെടുത്തി ടി.എം
തയ്യാറാക്കാനുമുള്ള ശേഷി നേടുക

# നന്ദി